**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2895** **14-09-2023 - ൽ മറുപടിയ്ക്ക്**

**കൃഷിക്കാർക്കും വ്യവസായ സംരംഭകർക്കുമുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കൃഷിക്കാർക്കും വ്യവസായ സംരംഭകർക്കും ആവശ്യമായ പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിന് സഹകരണ മേഖലയിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, ചില്ലറ വിൽപ്പന എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിതകൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി. പദ്ധതിയുടെ നടത്തിപ്പിനായി 2023-24 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ പദ്ധതി വിഹിതമായി 3450.00 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.കാർഷിക ഉൽപ്പാദനത്തിന് മുൻപും ഉൽപ്പാദന സമയത്തുമുള്ള സഹായങ്ങൾ, സംഭരണം സംസ്കരണം, വിപണന സഹായം, മൂല്യവർദ്ധനയ്ക്കായുള്ള സഹകരണ സംരംഭകത്വവും സ്റ്റാർട്ടപ്പുകൾക്കുമുള്ള സഹായം, കർഷകസേവനകേന്ദ്രങ്ങളുടെ രൂപീകരണ സഹായം എന്നീ ഘടകങ്ങൾക്കാണ് ടി തുക വകയിരുത്തിയിരിക്കുന്നത്.<br><br>ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ്, സഹകരണ ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം. ഈ പദ്ധതിയിലൂടെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സഹകരണ ഉൽപ്പന്നങ്ങളുടെ വിപണനം ഏറ്റെടുക്കുന്നതിനും, പുതിയ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഔട്ട് ലെറ്റുകളുടെ നവീകരണത്തിനും സഹായം നൽകും. അതോടൊപ്പം |

സഹകരണ ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സാമ്പത്തിക സഹായം അനുവദിക്കും. 2023-24 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ പദ്ധതി വിഹിതമായി 750.00 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സർക്കാറിന്റെ രണ്ടാം നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന സഹകരണ ബാങ്ക്/ അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന "സഹകരണ സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭകങ്ങൾ ആരംഭിക്കുന്നതിന് 3 ലക്ഷം രൂപ വരെ വായ്പ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സർക്കാറിന്റെ മൂന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലെ പ്രാഥമിക സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേന ചെറുകിട വഴിയോര കച്ചവടം, ചെറു സംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ആട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കായി പരമാവധി 20000/- രൂപ വരെ വായ്പാ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതി "സഹായ ഹസ്തം" എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്.

കാർഷികാവശ്യങ്ങൾക്കായി കേരള ബാങ്ക് മുഖേന കെ.ബി.കിസ്സാൻ മിത്ര വായ്പാ പദ്ധതിയും കെ.ബി.കിസ്സാൻ മിത്ര(above 3 lakhs) വായ്പാ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

സ്വർണ്ണപ്പണയത്തിൻമേൽ കിസ്സാൻ ക്രഡിറ്റ് കാർഡ് പദ്ധതിയുടെ പരിധിയിൽ വരുന്ന കർഷകർക്ക് പരമാവധി 3.00 ലക്ഷം രൂപ വരെയും ഓവർഡ്രാഫ്റ്റ് രീതിയിൽ അനുവദിക്കുന്ന ഹ്രസ്വകാല വായ്പകളും ബാങ്കിൽ അനുവദിച്ചുവരുന്നു.

കാർഷിക മേഖലയിൽ നബാർഡ് സഹായത്തോടെ 4% പലിശ നിരക്കിൽ അനുവദിച്ചു വരുന്ന PACS as MSE സ്കീമിൽ ഉൾപ്പെടുത്തി വിള സംരഭ ആവശ്യങ്ങൾക്കായുള്ള വായ്പകൾ വിതരണം ചെയ്തു വരുന്നുണ്ട്. പ്രസ്തുത വായ്പാ പദ്ധതി പ്രകാരം 3% പലിശയിളവ്, കൃത്യമായ വായ്പ തിരിച്ചടവിന് നബാർഡിൽ നിന്നും ലഭിക്കുന്നതാണ്.

| | | | |
|---|---|---|---|
| | | | KB മിത്ര, KB യുവ മിത്ര വായ്പാ പദ്ധതികൾ പ്രകാരം 40.00 ലക്ഷം രൂപ വരെയും KB SMART വായ്പ പദ്ധതികൾ പ്രകാരം പുതിയ സംരഭകങ്ങൾ ആരംഭിക്കുന്നതിന് കുറഞ്ഞ പലിശ നിരക്കിലും വായ്പകൾ അനുവദിച്ചു വരുന്നുണ്ട്. നോർക്ക റൂട്സുമായി സഹകരിച്ച് പലിശ /ക്യാപിറ്റൽ സബ്സിഡിയോടു കൂടി KB-Pravasi Kiran, KB Pravasi Bhadratha വായ്പ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.<br><br>അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ നൈപുണ്യ വികസന കോഴ്സുകളിലേക്ക് വൈദഗ്ദ്ധ്യം നേടുന്നതിന് ASAP-മായി സഹകരിച്ച് KB Skill Loan പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ തെരുവ് കച്ചവടക്കാരുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി PM SVA Nidhi വായ്പയും നൽകി വരുന്നുണ്ട്. |
| (ബി) | അത്തരത്തിൽ വായ്പ ലഭിക്കുന്നവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ? | (ബി) | ചെറുകിട സംരംഭങ്ങൾക്ക് വ്യത്യസ്ത മേഖലയിൽ സംരംഭകങ്ങൾ ആരംഭിക്കുന്നതിന് പരാമാവധി 5 ലക്ഷം രൂപ വരെ ലഘു ജാമ്യ വ്യവസ്ഥയിൽ അനുവദിക്കുന്നു. KB-മിത്ര, KB-യുവമിത്ര വായ്പാ പദ്ധതികൾ പ്രകാരം 40 ലക്ഷം രൂപ വരെയും KB SMART വായ്പാ പദ്ധതി പ്രകാരം പുതിയ സംരംഭകങ്ങൾ ആരംഭിക്കുന്നതിന് കുറഞ്ഞ പലിശ നിരക്കിലും വായ്പകൾ അനുവദിച്ചു വരുന്നുണ്ട്. VFPCK-യുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട കർഷകർക്ക് 3 ലക്ഷം രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ KB-കിസാൻ മിത്ര (VFPCK) പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. കർഷകർക്ക് കാർഷികാവശ്യത്തിനുള്ള വായ്പകൾ നിലവിൽ 7% പലിശയ്ക്കാണ് നൽകിവരുന്നത്. വായ്പാ തവണകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 3% പലിശ ഇളവ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ